**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5435** **03-11-2021 - ൽ മറുപടിയ്ക്ക്**

**വനിതകൾക്ക് നേരെയുള്ള അക്രമം, പീഡനം എന്നിവ സംബന്ധിച്ച കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വനിതകൾക്ക് നേരെയുള്ള അക്രമം, പീഡനം എന്നിവ സംബന്ധിച്ച് 2020 മുതൽ 2021 സെപ്തംബർ 30 വരെ മുഖ്യമന്ത്രിയ്ക്കും പോലീസിനും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ട്; എത്ര പരാതികളിൽ തുടർ അന്വേഷണം നടന്ന് വരുന്നുണ്ടെന്നും വിശദീകരിക്കുമോ; | (എ) | വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര വനിതകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്; കണക്കുകൾ വിശദമാക്കാമോ; | (ബി) | ഈ കാലയളവിൽ 3262 വനിതകൾ ആത്മഹത്യ ചെയ്തിട്ടുണ്ട് |
| (സി) | വനിതകൾക്കിടയിലുള്ള ആത്മഹത്യ വർധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്നത് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | വനിതകൾക്കിടയിലെ ആത്മഹത്യയിൽ നേരിയ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബ പ്രശ്നങ്ങളും മാനസിക സംഘർഷങ്ങളുമാണ് പ്രധാന കാരണങ്ങളായി കരുതുന്നത് . |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം-1</u>

| വനിതകൾക്ക് നേരെയുള്ള അക്രമം, പീഡനം എന്നിവ സംബന്ധിച്ച് 2020 ജനുവരി 1 മുതൽ 2021 സെപ്റ്റംബർ 30 വരെ ലഭിച്ച പരാതികൾ | | | |
|---|---|---|---|
| | ലഭിച്ച പരാതികളുടെ എണ്ണം | തീർപ്പാക്കിയ പരാതികളുടെ എണ്ണം | തുടരന്വേഷണം നടക്കുന്ന പരാതികളുടെ എണ്ണം |
| മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികൾ | 3556 | 3534 | 22 |
| പോലീസിന് ലഭിച്ച പരാതികൾ | 64223 | 61406 | 2817 |

**സെക്ഷൻ ഓഫീസർ**